"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 05/03/2018ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.88 നമ്പർ തീരുമാനത്തിന്മേൽ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1110/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/05/2019

---

പരാമർശം:- 1 05/03/2018ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.88 നമ്പർ തീരുമാനം

2 09.07.2018ലെ സ.ഉ(സാധാ) നം. 1860/2018/തസ്വഭവ നമ്പ്ര സർക്കാർ ഉത്തരവ്

3 കടുത്തുരുത്തി എംഎൽഎ ശ്രീ. മോൻസ് ജോസഫിന്റെ 31/10/2018ലെ കത്ത്.

4 30/11/2018ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.3 നമ്പർ തീരുമാനം

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ഇരട്ട ലക്ഷം വീടുകളിൽ താമസിക്കുന്ന 19 പൊതു വിഭാഗം ഗുണഭോക്താക്കൾക്കും 5 പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കും ഒറ്റ വീടാക്കുന്നതിന് പഞ്ചായത്ത് ധനസഹായം നൽകുന്നതിന് 2016-17 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ആയതിന് അനുവദിക്കാവുന്ന ധനസഹായം യഥാക്രമം 2.00 ലക്ഷം രൂപയും, 3.00 ലക്ഷം രൂപയുമാണ്. ഇത് ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ബാക്കി തുക നൽകുന്ന വിഷയത്തിൽ പരാമർശം 1ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം വീടിന്റെ ഇനി പൂർത്തിയാക്കാനുള്ള നിർമ്മാണത്തിന് മാത്രം 4.00 ലക്ഷം രൂപയുടെ ആനുപാതിക വിഹിതം നൽകാൻ അനുമതി നൽകി പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി വിഷയത്തിൽ ശ്രീ. മോൻസ് ജോസഫ് എംഎൽഎ, പരാമർശം 3 പ്രകാരം

സ്പഷ്ടീകരണം ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം 30/11/2018ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണനക്കെടുത്ത് പരാമർശം 4 പ്രകാരം തീരുമാനമായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഞീഴൂർ ഗ്രാമപഞ്ചായത്തിൽ,2016-17ൽ ആരംഭിച്ച എം.എൻ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതിയിൽ ,ഇനിയും നടത്തേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാകുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ നാല് ലക്ഷം രൂപയിൽ അധികരിക്കാതെ അധിക തുക കൂടി നൽകാമെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ. മോൻസ് ജോസഫ് എംഎൽഎ, (കടുത്തുരുത്തി)

നരിമറ്റം വീട്, പൂഴിക്കോൽ പിഒ, കടുത്തുരുത്തി. (ആമുഖ കത്ത് സഹിതം)

ജില്ലാകളക്ടർ, കോട്ടയം

സെക്രട്ടറി, ഞീഴൂർ ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസിന്